**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 446** **23-06-2026-ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ നാളികേര വികസന പാർക്ക്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം ഗ്രാമപഞ്ചായത്തിലെ മണിമലയിൽ നാളികേര വികസന പാർക്ക് ആരംഭിക്കുന്നതിനായി സർക്കാർ 2012 ൽ നൂറ്റി പതിനഞ്ചു ഏക്കർ സ്ഥലം ഏറ്റെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** ഉണ്ട്.

കുറ്റിയാടി വ്യവസായ പാർക്ക് വികസനത്തിനായി കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ വേളം വില്ലേജിലെ കുറിച്ചകം ദേശത്തുള്ള വിവിധ റീ-സർവേ നമ്പറുകളിലായി ഉൾപ്പെട്ട 115.13 ഏക്കർ ഭൂമി 2012 ഫെബ്രുവരിയിൽ തഹസിൽദാർ (ലാൻഡ് അക്വിസിഷൻ) ഏറ്റെടുത്ത് കെ.എസ്.ഐ.ഡി.സി-യ്ക്ക് കൈമാറി. ഭൂവുടമകളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ നിലനിന്നിരുന്നതിനാൽ പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾ വൈകി. തുടർന്ന് വ്യവഹാരങ്ങൾ തീർപ്പായതിനെ തുടർന്ന് ഭൂമിയുടെ വിനിയോഗവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചു. നിലവിൽ ആദ്യഘട്ട വികസനത്തിന്റെ ഭാഗമായി 2.5 ഏക്കർ ഭൂമി വികസിപ്പിച്ചുവരികയാണ്. ഇവിടെ 7 വ്യവസായ പ്ലോട്ടുകൾ ലഭ്യമാക്കിയിട്ടുണ്ട്. വികസിപ്പിച്ച പ്രദേശത്ത് റോഡ്, വൈദ്യുതി, ജല ലഭ്യത തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

**(ബി)** 2014-വർഷത്തിൽ ഈ പദ്ധതിക്കായി നാല്പത്തിരണ്ട് കോടി രൂപ എസ്റ്റിമേറ്റിൽ ഭരണാനുമതി നൽകുകയുണ്ടായോ; വ്യക്തമാക്കുമോ;

**മറുപടി:** 16-10-2014 ലെ G.O.(Rt) No.1174/2014/ID മുഖേന കുറ്റിയാടിയിലെ Coconut Industrial Park ന്റെ സ്ഥലം ഏറ്റെടുക്കുന്നതിനും വികസന പ്രവർത്തനങ്ങൾക്കും വേണ്ടി 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 4885-01-190-99 (01) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ KSIDC യ്ക്ക് ആകെ അനുവദിച്ച 40.04 കോടി രൂപയുടെ ഭാഗമായിട്ടാണ് മേൽപ്പറഞ്ഞ 15 കോടി രൂപ വകയിരുത്തിയത്. ഉയർന്ന നഷ്ടപരിഹാരത്തിന് വേണ്ടിയുള്ള വ്യവഹാരം കോടതിയിൽ നടന്നുകൊണ്ടിരുന്നതിനാലും ഏറ്റെടുത്ത സ്ഥലത്തുള്ള വൃക്ഷങ്ങളുടെ നഷ്ടപരിഹാരം കുറവാണെന്നുള്ള വാദങ്ങൾ ഉണ്ടായിരുന്നതിനാലും പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ തുടങ്ങുവാൻ കാലതാമസം നേരിട്ടു.

**(സി)** നാളികേര സംഭരണം, സംസ്കരണം, വിപണനം എന്നിവയൊക്കെ ഈ പദ്ധതിയുടെ ലക്ഷ്യമായി നേരത്തെ സർക്കാർ പ്രഖ്യാപിച്ച കാര്യം പരിശോധിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

**മറുപടി:** പദ്ധതി നിലവിൽ പ്രാരംഭ വികസന ഘട്ടത്തിലാണ്. നാളികേരം അടിസ്ഥാനമാക്കിയുള്ളതും ഭക്ഷ്യസംസ്കരണ മേഖലയിലുള്ളതുമായ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി സംരംഭകരിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. വ്യവസായ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതോടെ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായി വിലയിരുത്താൻ കഴിയുന്നതാണ്.

**(ഡി)** എങ്കിൽ ഇതേ ലക്ഷ്യം മുൻനിർത്തി ഈ പദ്ധതിയുമായി മുന്നോട്ട് പോകുമോ; വ്യക്തമാക്കാമോ;

**മറുപടി:** ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ മൂലം പദ്ധതിയുടെ പുരോഗതി വൈകിയിരുന്നു. നിലവിൽ നാളികേരം അടിസ്ഥാനമാക്കിയുള്ളതും ഭക്ഷ്യസംസ്കരണ മേഖലയിലുള്ളതുമായ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി സംരംഭകരിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചിരിക്കുകയാണ്.

**(ഇ)** അല്ലെങ്കിൽ പുതിയ കാലത്തിനനുസൃതമായി കുറ്റ്യാടി മേഖലയിൽ കേര കർഷകർക്കും അനുബന്ധ തൊഴിലാളികൾക്കും നാളികേരത്തിൽ അധിഷ്ഠിതമായ ഒരു നൂതന പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

**മറുപടി:** നാളികേരം അടിസ്ഥാനമായിട്ടുള്ളതും ഭക്ഷ്യസംസ്കരണ മേഖലയിലുള്ളതുമായ വ്യവസായ യൂണിറ്റുകൾക്ക് സ്ഥലം അനുവദിക്കുന്ന പദ്ധതി മാത്രമാണ് നിലവിലുള്ളത്.

**സെക്ഷൻ ഓഫീസർ**